(ബി) ഉണ്ട്.

(സി) പുതിയ ബസ്സുകൾ ബോഡി നിർമ്മാണം പൂർത്തിയാക്കി നിരത്തിലിറക്കുന്ന മുറയ്ക്ക് സൂപ്പർ ക്ലാസ് വിഭാഗത്തിൽനിന്നും മാറ്റുന്ന ബസ്സുകൾ ഉപയോഗിച്ച് കുറവ് നികത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരണം

237 (4572) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിളിമാനൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ബസ് ബേയിലെ ടാർ ജോലികൾ അവസാനമായി എന്നാണ് ചെയ്തതെന്നും ഇതിനായി എത്ര രൂപയാണ് അനുവദിച്ചതെന്നും കരാർ ഏറ്റെടുത്തത് ആരാണെന്നും വിശദമാക്കാമോ ;

(ബി) പ്രസ്തുത ബസ് ബേ ആകെ പൊട്ടിപ്പൊളിഞ്ഞ് കുഴികൾ രൂപപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിച്ചെന്ന വ്യക്തമാക്കാമോ ?

ഉത്തരം

(എ) 31-12-2014-നാണ് പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത് 14,45,874 രൂപയാണ് ഈ പ്രവൃത്തിക്കായി അനുവദിച്ചത്. കെ. സജയകുമാർ എന്ന കരാറുകാരനാണ് പ്രവൃത്തി ഏറ്റെടുത്തത്.

(ബി) ചെറിയ കുഴികൾ രൂപപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി കുഴികൾ കോൾഡ്മിക്സ് മിശ്രിതം ഉപയോഗിച്ച് നിരപ്പാക്കിയിട്ടുണ്ട്.

മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനങ്ങൾ

238 (4573) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗതാഗത നിയമത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) മോട്ടോർ വാഹന വകുപ്പിന് കീഴിലുള്ള എന്തെങ്കിലും പ്രവർത്തനങ്ങൾ വകുപ്പിനെ ഒഴിവാക്കി മറ്റ് സംവിധാനങ്ങൾ വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകാമോ ?

LIBRARY ARCHIVES Kerala Legislative Assembly